വരെ വൈദ്യുതി മുടങ്ങും.

Deshabhimani 12-11-18, P-04

ആദ്യ അഗ്രോപാർക്ക് തൃശൂരിൽ

# വൈഗ കൃഷി ഉന്നതിമേള: സ്വാഗതസംഘം രൂപീകരിച്ചു

**കാർഷികോൽപ്പാദകരെ കർഷകസംരംഭകരാക്കി മാറ്റുക എന്നതാണ് വൈഗ ശിൽപ്പശാലയുടെ ലക്ഷ്യം**



വൈഗ–അന്താരാഷ്ട്ര ശിൽപ്പശാലയുടേയും കൃഷി ഉന്നതിമേളയുടേയും സ്വാഗതസംഘരൂപീകരണയോഗം മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

സ്വന്തം ലേഖകൻ

**തൃശൂർ**

കാർഷികോൽപ്പന്ന സംസ്കരണം മൂല്യവർധന ലക്ഷ്യമിട്ട് കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന വൈഗ–അന്താരാഷ്ട്ര ശിൽപ്പശാലയുടേയും ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കൃഷി ഉന്നതിമേളയുടേയും സ്വാഗതസംഘരൂപീകരണം തൃശൂർ ആസൂത്രണഭവനിൽ ചേർന്നു. മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. എംഎൽഎമാരായ കെ രാജൻ, ഇ ടി ടൈസൺ, കെ വി അബ്ദുൾ ഖാദർ, ഗീത ഗോപി എന്നിവർ സംസാരിച്ചു. മേയർ അജിത ജയരാജൻ അധ്യക്ഷയായി. മൂന്നാമത് വൈഗ–അന്താരാഷ്ട്ര ശിൽപ്പശാല ഡിസംബർ 27മുതൽ 30വരെ തൃശൂർ തേക്കിൻകാട് മൈതാനിയിലാണ് സംഘടിപ്പിക്കുന്നത്.

കാർഷികോൽപ്പാദകരെ കർഷകസംരംഭകരാക്കി മാറ്റുക എന്നതാണ് വൈഗ ശിൽപ്പശാലയുടെ ലക്ഷ്യം. കോക്കനട്ട് മിഷൻ, അട്ടപ്പാടി മില്ലേറ്റ് വില്ലേജ് പദ്ധതി, ഹണിമിഷൻ തുടങ്ങിയവ കഴിഞ്ഞ വൈഗശിൽപ്പശാലയുടെ ഫലമായി നടപ്പാക്കാൻ കഴിഞ്ഞു.

തേൻ, വാഴപ്പഴം എന്നിവയുടെ സംസ്കരണം ലക്ഷ്യമിട്ട് അഗ്രോപാർക്ക് കണ്ണാറ വാഴപ്പഴ ഗവേഷണകേന്ദ്രത്തിൽ തുടങ്ങുന്നതിന് അനുമതി ലഭിച്ചതായും മന്ത്രി പറഞ്ഞു. ഹോളണ്ട് ഉൾപ്പെടെ വിദേശരാജ്യങ്ങളും ശിൽപ്പശാലയിൽ പങ്കെടുക്കും. കാർഷികോൽപ്പാദന കമീഷണർ ദേവേന്ദ്രകുമാർ ജനറൽ കൺവീനറായി പ്രവർത്തിക്കും.